LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : ഞാൻ നേരത്തെ തന്നെ പറഞ്ഞു. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തിന്റെ ഗൗരവത്തിലേക്ക്, അത് എങ്ങനെ നഷ്ടപ്പെട്ടു എന്ന സഹചര്യത്തിലേക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. അതു ആവശ്യമാണെന്ന കാര്യം ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മന്തുരോഗം നിർമ്മാർജ്ജനം ചെയ്യപ്പെടാത്ത പ്രത്യേക പശ്ചാത്തലത്തിൽ രോഗം ബാധിച്ച അനുഭവമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും അതു കണ്ടെത്തുന്നതിനും തടയുന്നതിനും സന്നദ്ധ സേവനം നടത്താൻ തയ്യാറാകുന്ന ചെറുപ്പക്കാരെ സംഘടിപ്പിച്ച് ചെറിയ തോതിലുള്ള വേതനം മാത്രം നൽകി ഈ രോഗം പൂർണ്ണമായും നിർമാർജ്ജനം ചെയ്യുന്ന പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. വി. സി. കബീർ : സർ, ബഹുമാനപ്പെട്ട മെമ്പർ ചില പൊതുവായ നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. ഇതിന് വ്യാപകമായ കാമ്പയിൻ വേണം. അതോടൊപ്പം കൊതുകിന്റെ ലാർവകളെ ഒഴിവാക്കാനും കൊതുക് ഉണ്ടാകാതിരിക്കാനുമുള്ള സാഹചര്യമുണ്ടാകണം. ചെളിവെള്ളം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കാനുള്ള സംവിധാനം വേണം. ബോധവൽക്കരണം പ്രധാനമാണ്. വോളണ്ടിയർമാർക്ക് വേതനം എന്നുപറയാൻ പറ്റില്ല. അതുകൊണ്ട് സേവനം ചെയ്യുന്ന വോളണ്ടിയർമാർക്ക് ആനുകൂല്യങ്ങൾ പറയാൻ പാടില്ല. അവർ സേവനം ചെയ്യുന്നവരാണ്. എന്നാൽത്തന്നെ വ്യാപകമായ പ്രചരണം ഇതിനാവശ്യമാണ്. സന്നദ്ധസംഘടനയുടെ സേവനം പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : - ചോദ്യം 593

ഡ്രഗ് ഫോർമുലറി

4 (*593) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രഗ് ഫോർമുലറി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഈ ഫോർമുലറിക്ക് എത്ര ഭാഗങ്ങളുണ്ട് ;

(സി) ഓരോ ഭാഗത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡ്രഗ് ഫോർമുലറി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) ഉണ്ട്.

(ബി) മൂന്ന് ഭാഗങ്ങളുണ്ട്.

(സി) ആദ്യഭാഗത്ത് സംസ്ഥാനത്ത് ഉപയോഗത്തിലുള്ള മരുന്നുകളെ തരം തിരിച്ച് അവയുടെ ഗുണദോഷവശങ്ങൾ, പാർശ്വഫലങ്ങൾ, ഉപയോഗക്രമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നിലവിലുള്ള വില എന്നിവ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. രണ്ടാമത്തെ ഭാഗത്തിൽ നമ്മുടെ ആശുപത്രികളിൽ പ്രത്യേകിച്ചും ഡിസ്പെൻസറികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതലായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പ്രയോജനപ്പെടുംവിധം ചികിത്സാക്രമങ്ങളെപ്പറ്റി വിദഗ്ധരുടെ അഭിപ്രായങ്ങളടങ്ങുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഭാഗത്ത് സംസ്ഥാനത്തെ ആശുപത്രികളിൽ (ഡിസ്പെൻസറി, പ്രൈമറി ഹെൽത്ത് സെന്റർ, താലൂക്കാശുപത്രി) എല്ലാ സമയവും ലഭ്യമാക്കേണ്ട മരുന്നുകളുടെ ലിസ്റ്റും അളവും ഉൾപ്പെടുത്തിയിരിക്കുന്നു. ഡ്രഗ് ഫോർമുലറിയുടെ അനുബന്ധമായി ഇൻഡ്യയിൽ നിരോധിച്ചിട്ടുള്ള മരുന്നുകളുടെ ലിസ്റ്റ്, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ വിവിധ പട്ടികകൾ, കേന്ദ്ര സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ദേശീയ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) കേരളത്തിലെ ഡോക്ടർമാർക്കും പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിലും മറ്റു ചെറുകിട ആശുപത്രികളിലും പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റു ആരോഗ്യ പ്രവർത്തകർക്കും ആധികാരികവും നിഷ്പക്ഷവുമായ വിശദവിവരങ്ങൾ നൽകുക എന്നുള്ളതാണ് ഈ പ്രസിദ്ധീകരണത്തിന്റെ പ്രധാന ഉദ്ദേശം. രണ്ടാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സാക്രമങ്ങളെപ്പറ്റിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപ്രദേശങ്ങളിലെയും മറ്റു ചെറിയ ആശുപത്രികളിലെയും ഡോക്ടർമാർക്ക് വളരെയധികം പ്രജോയനകരമാണ്. മറ്റു വിദഗ്ദ്ധ ഡോക്ടർമാരുമായി ചർച്ച ചെയ്യുവാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും സൗകര്യമില്ലാത്ത ആശുപത്രികളിൽ കൊണ്ടുവരുന്ന രോഗികളെ എങ്ങനെ ചികിത്സിക്കണമെന്നും എപ്പോഴാണ് വലിയ ആശുപത്രികളിലേക്ക് അയയ്ക്കേണ്ടതെന്നുമുള്ള വിവരങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നു. മൂന്നാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന മരുന്നുകൾ എല്ലാ സമയവും അതാത് ആശുപത്രികളിൽ ലഭ്യമാകുന്നതായാൽ ഇന്ന് നിലവിലുള്ള രോഗങ്ങളിൽ ഏറിയഭാഗവും ഡിസ്പെൻസറികൾക്ക്, പ്രൈമറി ഹെൽത്ത് സെന്റർ, താലൂക്കാശുപത്രി തലങ്ങളിൽതന്നെ ചികിത്സിച്ച് ഭേദപ്പെടുത്താവുന്നതും അതുമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കും മറ്റു വിദഗ്ദ്ധ സേവനം നൽകുന്ന ഡിപ്പാർട്ടുമെന്റുകളിലേക്കുമുള്ള രോഗികളുടെ പ്രവാഹം കുറയ്ക്കാൻ ഇത് സഹായകമാകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഡിസ്പെൻസറികളിലും താലൂക്ക് ആശുപത്രികളിലുമുള്ള ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും പ്രയോജനകരമായിട്ടുള്ള ഒന്നാണ് ഈ ഫോർമുലറി. ഈ ഫോർമുലറിയനുസരിച്ച് ഈ ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വല്ല സംവിധാനവും ഇപ്പോൾ നിലവിലുണ്ടോ?

ശ്രീ. വി. സി. കബീർ : ഇത് ഒരു പുതിയ സമ്പ്രദായമാണ്. നമ്മുടെ സംസ്ഥാനത്ത് സമീപകാലത്താണ് ഇംപ്ലിമെന്റു ചെയ്തിട്ടുള്ളത്. മറ്റു പല സംസ്ഥാനങ്ങളിലും ഇതുണ്ടോയെന്നറിയില്ല. ഏതായാലും കേരളത്തിൽ വളരെ അഡ്വാൻസായിട്ട് സമർത്ഥരായിട്ടുള്ള ഡോക്ടർമാർ ഇങ്ങനെയൊന്ന് തയ്യാറാക്കിയതിൽ അഭിനന്ദനമർഹിക്കുന്നു. അതിന്റെ ഉത്ഘാടനം തന്നെ ഞാൻ വന്നതിനുശേഷമാണ് നടന്നത്. ആ സാഹചര്യത്തിൽ ഇതിന്റെ റിസൽറ്റിനെക്കുറിച്ച് വിലയിരുത്തേണ്ട സമയമായിട്ടില്ല. ആറ് മാസം കഴിയട്ടെ, അതുകഴിഞ്ഞ് നമുക്ക് വിലയിരുത്താം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഫോർമുലറിയിൽ മൂന്നാം ഭാഗത്ത് പറയുന്നത് ഇൻഡ്യയിൽ നിരോധിച്ചിട്ടുള്ള മരുന്നുകളുടെ ലിസ്റ്റും ഈ ആശുപത്രികളിലൊക്കെ ലഭ്യമാക്കുന്നുണ്ടെന്നാണ്. വിദേശ രാജ്യങ്ങളിൽ നിരോധിച്ചിട്ടുള്ള മരുന്നുകൾ ഇൻഡ്യയിൽ സാർവ്വത്രികമായി വിറ്റഴിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ? ഇൻഡ്യയിൽ നിരോധിച്ചിട്ടുള്ള മരുന്നുകളുണ്ട്. ആ മരുന്നുകളുടെ ലിസ്റ്റ് ആശുപത്രികളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻവേണ്ടി പ്രദർശിപ്പിക്കുമോ?

ശ്രീ. വി. സി കബീർ : ലിസ്റ്റ് പ്രദർശിപ്പിക്കുന്നതിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. ഇതിൽ കാലതാമസം വരുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് അംഗീകരിക്കുന്നു. പലപ്പോഴും മൂന്നും ആറും മാസം വൈകിയാണ് മരുന്നുകളുടെ പട്ടിക റദ്ദുചെയ്യുന്നത്. ഞാൻ വന്ന അവസരത്തിൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ച് സംസാരിച്ചു. എന്റെ ശ്രദ്ധയിൽ ഇത് നേരത്തെ പെട്ടിട്ടുള്ള ഒരു കാര്യമാണ്. ആശുപത്രിയിൽ മരുന്നുകളെല്ലാം ഉപയോഗിച്ചു കഴിഞ്ഞതിനുശേഷം അത് നിരോധിച്ചിട്ട് എന്താണ് അർത്ഥമുള്ളത്? അതുകൊണ്ട് പുതിയ മരുന്ന് റിലീസ് ചെയ്താൽ ഒരു മാസത്തിനകം അതിന്റെ ക്വാളിറ്റിയെ സംബന്ധിച്ച് പരിശോധിക്കാൻ നമ്മുടെ ലാബുകളിൽ വിദഗ്ധരായ ഉദ്യോഗസ്ഥൻമാരുണ്ട്. അവർ അത് പരിശോധിച്ച് അത് ഹാനികരമാണെങ്കിൽ ഉടൻതന്നെ നിരോധിക്കുകയും മാർക്കറ്റുകളിൽ നിന്നും പിൻവലിപ്പിക്കുകയും ചെയ്യണമെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഈ ലിസ്റ്റ് പ്രസിദ്ധീകരണത്തിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. അതീവ താൽപര്യത്തോടുകൂടി ഗവൺമെന്റ് ഈ കാര്യം പരിശോധിക്കുന്നുണ്ട്. ചില രാജ്യങ്ങളിൽ നിരോധിച്ച മരുന്ന് വിറ്റഴിക്കുന്നുവെന്നുള്ള വ്യാപകമായ പരാതിയില്ല. ഏതെങ്കിലും പരാതിയുണ്ടെങ്കിൽ 24 മണിക്കൂറിനകം അത് പരിഹരിക്കും.

ശ്രീ. പി. എസ്. സുപാൽ : നമ്മുടെ പല ആശുപത്രികളിലും പ്രധാനപ്പെട്ട ആശുപത്രികളിലടക്കം മരുന്നുകളില്ലാത്ത സാഹചര്യമുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതായത് മരുന്നുകൾ തീർന്നാൽ പിന്നീട് വീണ്ടും മരുന്ന് എത്തുന്നതിന് കാലതാമസമുണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണെന്നുള്ള നിലയ്ക്ക് മരുന്നുകൾ കൃത്യമായി ആശുപത്രിയിലെത്തിക്കുവാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. സി. കബീർ : അത് ഒരു നല്ല ചോദ്യമാണ്. ആശുപത്രിയിൽ മരുന്ന് എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ദുർബലമായിരുന്നു. 500 രൂപയാണ് ഒരു മാസം മരുന്ന് വിതരണത്തിനുവേണ്ടി ഡീസൽ അടിക്കാൻ ഉപയോഗിച്ചുവരുന്നത്. അടുത്തകാലത്ത് അതുസംബന്ധിച്ച് വിലയിരുത്തുകയും ഒരു ഡ്രഗ് റൂൾ സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മരുന്ന് നിറച്ച വാഹനം സഞ്ചരിച്ചുകൊണ്ടിരിക്കും. ഏത് മരുന്നാണ് ഇല്ലാത്തതെന്ന് പറഞ്ഞാൽ ഈ വാഹനംവരുമ്പോൾ മരുന്ന് അവിടെയെല്ലാം നിറച്ച് വയ്ക്കും. അതുകൊണ്ട് ഇപ്പോൾ ഒരു മരുന്നിന്റേയും കുറവ് ആശുപത്രികളിലുണ്ടാകാൻ പാടില്ലെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് വാശിയുണ്ട്. അതിനാവശ്യമായ പണം ഗവൺമെന്റ് തരുന്നുണ്ട്. ദൈവാനുഗ്രഹവും ധനകാര്യമന്ത്രിയുടെയും മുഖ്യമന്ത്രിയുടേയും പ്രത്യേക ശ്രദ്ധയുമുണ്ട്. മരുന്നിന്റെ കുറവുകൊണ്ട് പാവപ്പെട്ട രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ലെന്ന് ഗവൺമെന്റിന് തീരുമാനമുണ്ട്. അതനുസരിച്ച് ആവശ്യമായ പണം അനുവദിക്കുന്നുണ്ട്. ക്യാബിനറ്റ് ആ കാര്യത്തിൽ എല്ലാവിധ ശുഷ്കാന്തിയും കാണിക്കുന്നുണ്ട്. ഡ്രഗ് റൂൾ നിശ്ചയിച്ചതുകൊണ്ട് അത് ഇപ്പോൾ പരിശോധിക്കാനുള്ള സംവിധാനമുണ്ട്. ഞങ്ങൾ എല്ലാ മാസവും റിവ്യൂ ചെയ്യുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ : ഡ്രഗ് ഫോർമുലറി ഒരു ആധികാരികമായ രേഖയാണ്. അതിലെ ഒരു പരാമർശമെന്ന് പറയുന്നത് മെഡിക്കൽ കോളേജുകളെന്നു പറഞ്ഞാൽ റഫറൽ ആശുപത്രികളാണ്. പലപ്പോഴും പി.എച്ച്. സെന്ററുകളിലും താലൂക്കാശുപത്രികളിലുമൊക്കെ പോകേണ്ട രോഗികൾ നേരിട്ട് മെഡിക്കൽ കോളേജുകളിൽ വരുന്ന ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് രോഗികളുടെ ബാഹുല്യവും മെഡിക്കൽകോളേജുകളിലാണ്. സ്വാഭാവികമായും ധാരാളം വിഷമങ്ങളുണ്ടാകുന്നത് അതുകൊണ്ടാണ്. നമ്മുടെ താലൂക്കാശുപത്രികളിലും അതുപോലെ പി. എച്ച്. സെന്ററുകളിലും വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിയെങ്കിൽ മാത്രമേ മെഡിക്കൽ കോളേജുകളിലേക്കുള്ള ഒഴുക്ക് നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് താലൂക്കാശുപത്രികളിലും പി. എച്ച്. സെന്ററുകളിലും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ; അതിന് മുന്തിയ പരിഗണന നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം വീണ്ടും പ്രസക്തമാകുകയാണ്. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളാണ് രോഗികൾക്ക് സമീപിക്കാവുന്ന ഏക ചികിത്സാ സംവിധാനമുള്ള കേന്ദ്രം. അവിടെ ഇന്ന് ഇൻഫ്രാസ്ട്രക്ച്ചർ വളരെ ദുർബലമാണ്. ഡോക്ടർമാർ ഇല്ല. അവിടെ പല അസൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് ഡോക്ടർമാരുടെ കുറവ് നികത്തിയാൽ തന്നെ..... മരുന്നുണ്ടായിട്ട് കാര്യമില്ലല്ലോ. രോഗികളെ നോക്കി പരിശോധിച്ച് ചീട്ട് എഴുതാൻ ഡോക്ടർമാർ തന്നെ വേണ്ടേ? ഡോക്ടർമാരുടെ കുറവ് കാര്യമായി ആരോഗ്യവകുപ്പിനെ ബാധിച്ചിട്ടുണ്ട്. പി.എസ്.സി. യുടെ ലിസ്റ്റ് കാത്തിരിക്കുകയാണ്. ഞാൻ പല പ്രാവശ്യം സഭയിൽ പറഞ്ഞതാണ്. പി.എസ്.സി. ലിസ്റ്റ് വരുന്നില്ല. കാര്യം എനിക്കറിയില്ല. കാലതാമസം പി.എസ്. സി.യിൽ നിന്നുണ്ടാകുന്നുവെന്നുള്ളത് ഖേദത്തോടുകൂടി രേഖപ്പെടുത്തട്ടെ. പി.എസ്.സി.യിൽ നിന്നും ഡോക്ടർമാരുടെ ലിസ്റ്റ് കിട്ടിയാൽ അടിയന്തിരമായി അവരെ നിയമിക്കുന്നതാണ്. അവിടെ പ്രാഥമികമായ സൗകര്യങ്ങൾ കൊടുത്താൽ മെഡിക്കൽ കോളേജുകളിലേക്കുള്ള തള്ള് കുറയ്ക്കാൻ കഴിയുന്നതാണ്. പേരൂർക്കടയൊക്കെ റഫറൽ ആശുപത്രിയായി ഉത്ഘാടനം ചെയ്തിട്ടുണ്ട്. അതുപോലെ റെഫറൽ ആശുപത്രി സംവിധാനം വികസിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീമതി ആർ. ലതാദേവി : സർ, ഈ ഡ്രഗ് ഫോർമുലറി തയ്യാറാക്കുന്നതിന് ഗവൺമെന്റ് പ്രത്യേകിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? അതുപോലെ ഇത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളെ സംബന്ധിച്ച് ഗവൺമെന്റിന് ധാരണയുണ്ടോ, ഇപ്പോൾ എന്തുമാത്രം തുകയാണ് ഈ ഫോർമുലറി നടപ്പിലാക്കാൻ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. സി. കബീർ : തുകയുടെ കണക്ക് എന്റെ കൈവശമില്ല. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഫാർമസിയുമായിട്ട് ബന്ധപ്പെട്ട് സമർത്ഥമാരായിട്ടുള്ള ഡോക്ടർമാരാണ് ഇത് സംവിധാനം ചെയ്തിട്ടുള്ളത്. അതിന് വലിയ ചെലവൊന്നും വന്നിട്ടില്ല. ഇങ്ങനെ ആവശ്യമായ സെക്കന്റ് സ്റ്റേജിൽ പ്രിന്റ് ചെയ്ത് താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനുള്ള ചെലവ് ഒരു നഷ്ടമായിട്ട് ഗവൺമെന്റ് കാണുന്നില്ല. അതിന്റെ കൃത്യമായ കണക്ക് എന്റെ കൈവശമില്ല.

ശ്രീമതി ആർ. ലതാദേവി : ഡ്രഗ് ഫോർമുലറി അടക്കം തയ്യാറാക്കി ആരോഗ്യ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി ഗവൺമെന്റ് വളരെ നല്ലരീതിയിൽ മുന്നോട്ടു പോകുന്ന ഈ സന്ദർഭത്തിലെ നമ്മുടെ സംസ്ഥാനത്തിലെ പല പ്രസവാശുപത്രികളിലും നവജാതശിശുക്കളെ ആദ്യമായി മാതാപിതാക്കളെ കാണിക്കാനായിട്ട് 100 കണക്കിന് രൂപ, 250, 500 എന്നൊക്കെയുള്ള തരത്തിൽ ഇത് ഓരോ ദിവസവും വർദ്ധിച്ചുപോകുകയാണ്. ഈ നവജാത ശിശുക്കളെ കാണിക്കാൻ വേണ്ടി ആശുപത്രി ജീവനക്കാർ അനധികൃതമായി രക്ഷിതാക്കളിൽ നിന്നും പൈസ വാങ്ങുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് തടയുന്നതിനുവേണ്ടി എന്ത്

നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? നമ്മുടെ പ്രധാനപ്പെട്ട പ്രസവാശുപത്രികളിലെല്ലാം ഇത് വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അത് ദുസ്സഹമായി മാറുകയാണ്.

മി. സ്പീക്കർ : അടുത്ത ചോദ്യമെടുക്കുമ്പോൾ മറുപടി പറയുന്നതാണ് നല്ലത്.

ശ്രീ. തമ്പാനൂർ രവി : കേരളത്തിൽ ഇപ്പോൾ ആവശ്യത്തിന് മരുന്നുണ്ട്. വാഹനങ്ങളിൽ സഞ്ചരിക്കുന്നുവെന്നാണ് പറഞ്ഞത്. കേരളത്തിന് ഏറ്റവും വലിയ ഇൻസ്റ്റിറ്റ്യൂഷനാണ് മെഡിക്കൽ കോളേജും ജനറൽ ആശുപത്രിയും. പാമ്പ് കടിയേറ്റ് വരുന്ന ആളുകൾക്കുവേണ്ടി ആന്റിവെനം, ഹൃദ്രോഗത്തിനുവേണ്ട ഇൻജക്ഷൻ, തീപൊള്ളലേറ്റു വരുന്നവർക്കുവേണ്ട മരുന്നുകൾ ഇത്തരം പ്രധാന ചികിത്സകൾക്കുപോലും മെഡിക്കൽ കോളേജിലും ജില്ലാശുപത്രിയിലും മരുന്നും സൗകര്യവുമില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? അതുപോലെ പേപ്പട്ടി വിഷത്തിന്. ഈ മൂന്നു നാലു കാര്യങ്ങൾക്ക് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ പ്രധാന ആശുപത്രികളിൽ സംഭരിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുക്കുമോ?

ശ്രീ. വി. സി. കബീർ : പേപ്പട്ടി കടിച്ചാൽ വേണ്ട പ്രതിരോധ ഇൻജക്ഷന്റെ കുറവ് ചില സ്ഥലങ്ങളിൽ അനുഭവപ്പെട്ടിരുന്നു. അതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റ് മരുന്നുകളുടെ അഭാവം ഉണ്ടോയെന്ന് ഇന്നുതന്നെ പരിശോധിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മെഡിക്കൽ കോളേജിൽ കൊണ്ടുവരുന്ന രോഗികൾക്കെല്ലാം മരുന്നു നൽകാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. മെഡിക്കൽ സ്റ്റോറുകളിലേയ്ക്കാണ് കുറിപ്പ് കൊടുത്തു വിടുന്നത്. ഇതൊഴിവാക്കാൻ ശ്രമിക്കുന്നത് കൂടാതെ താലൂക്കാശുപത്രികളിൽ ആവശ്യത്തിന് മരുന്ന് എത്തിച്ചു കൊടുക്കുകയും വിദഗ്ദ്ധൻമാരായ ഡോക്ടർമാരെ നിയോഗിക്കുകയും ചെയ്താൽ റഫറൽ ആശുപത്രിയിലേയ്ക്കുള്ള കടന്നുവരവ് കുറയും. ഇന്ന് താലൂക്ക് ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നില്ലയെന്നുള്ളത് ഒരു കാര്യം. രണ്ടാമത് അവിടെയുള്ള സൗകര്യക്കുറവ്. രോഗികൾക്ക് കിടക്കാനിടമില്ല. ഗവൺമെന്റിന് അതുണ്ടാക്കാനുള്ള സാമ്പത്തിക ശേഷിക്കുറവുണ്ട്. സഹകരണമേഖല ഈ ആശുപത്രി കോമ്പൗണ്ടിൽ പേവാർഡ് കെട്ടിക്കൊടുക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. അത് അംഗീകരിക്കാനുള്ള നടപടി സ്വീകരിച്ചാൽ കൂടുതൽ ആളുകൾ താലൂക്കാശുപത്രികളെ ആശ്രയിക്കുകയും അങ്ങോട്ടുള്ള തിരക്ക് കുറയുകയും ചെയ്യും. അതോടൊപ്പം തന്നെ അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒട്ടേറെ കെട്ടിടങ്ങൾ കെട്ടിയിട്ടിരിക്കുന്നു. പക്ഷെ അവിടെ ഡോക്ടർമാരില്ല. അവിടെ ആളുകളെ കിടത്തി ചികിത്സിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ കെട്ടിടങ്ങളും സൗകര്യങ്ങളുമുണ്ട്. അത് തുറന്ന് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : താലൂക്കാശുപത്രികളുടെ പ്രവർത്തനം സുശക്തമാക്കേണ്ടതുണ്ട്. അതോടൊപ്പം അതിന്റെ ഭരണാധികാരം മുനിസിപ്പാലിറ്റികൾക്കും ബ്ലോക്കു പഞ്ചായത്തുകൾക്കുമാണ്. ഇപ്പോൾ ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടനെ ഞാൻ മുൻസിപ്പൽ ചെയർമാൻമാരുടെയും ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരുടെയും സമ്മേളനം വിളിച്ചു കൂട്ടാൻ പോകുകയാണ്. അതിൽ കുറെ കാര്യങ്ങൾ പരിഹരിക്കാം. അഞ്ചുതെങ്ങിൽ അദ്ദേഹം എന്നെ കൊണ്ടുപോയതാണ്. അദ്ദേഹത്തിന്റെ നിവേദനം എന്റെ ശ്രദ്ധയിലുണ്ട്. കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. കെട്ടിടം നിർമ്മിച്ചു കൊണ്ടിരിക്കുന്നു. വേറൊരു ഏജൻസി അവിടെ ചെല്ലേണ്ട എന്നാണ് എന്റെ അഭിപ്രായം.

മി.സ്പീക്കർ :- ചോദ്യം 594

നവജാത ശിശുക്കളിൽ കാണുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ

5 (*594) ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് നവജാത ശിശുക്കളിൽ ഹൃദയ സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഇത്തരം രോഗങ്ങൾമൂലം നവജാത ശിശുക്കളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരം രോഗങ്ങൾ തിരിച്ചറിയാൻ കഴിയാത്തതുകൊണ്ട് ചികിത്സ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ശിശുക്കളിലെ ഹൃദ്രോഗ ചികിത്സയ്ക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഇല്ല.

(ബി) സംസ്ഥാനതലത്തിൽ ഇത്തരത്തിലൊരു പഠനം നടത്തിയിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ ശിശുരോഗവിഭാഗത്തിൽ നടന്ന പഠനത്തിൽനിന്നും മനസ്സിലാകുന്നത് ഏതാണ്ട് 1000-ത്തിൽ 5 നവജാത ശിശുക്കളിൽ ഹൃദയ വൈകല്യങ്ങൾ ഉള്ളതായിട്ടാണ്. ആൾ ഇൻഡ്യാ തലത്തിൽ ഇത് 1000-ത്തിൽ 5 മുതൽ 8 വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly